# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 850** **30.11.2018-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിലവസരങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീമതി.യു. പ്രതിഭ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | എ) | പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് വകുപ്പ് ചുവടെ പറയും പ്രകാരം വിവിധ പദ്ധതികളിലൂടെ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പ്രത്യേക ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.എസ് എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളിലൂടെയും സംരംഭകത്വ വികസന പരിപാടികളിലൂടെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. |

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി തൊഴിൽ ലഭിക്കുന്നതിനുമുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

<u>ഗോത്രബന്ധു</u>

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുക, ഭാഷാ പ്രശ്നം ലഘൂകരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട് ജില്ലയിൽ 241 മെന്റർ ടീച്ചർമാരെയും അട്ടപ്പാടിയിൽ 26 മെന്റർ ടീച്ചർമാരെയും സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ നിയമിച്ചു.

**<u>സാമൂഹ്യപഠനമുറി</u>**

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് 2017-18 വർഷം തെരഞ്ഞെടുത്ത ഊരുകളിൽ 100 സാമൂഹിക പഠനമുറികൾ ആരംഭിച്ചു. ഇതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 യുവതീ യുവാക്കളെ പ്രതിമാസം 15000/-രൂപ വീതം ഓണറേറിയം നിരക്കിൽ ട്യൂട്ടറായി നിയമിച്ചു. 2018-19 വർഷം 500 സാമൂഹ്യ പഠനമുറികൾ ആരംഭിക്കുന്നതിലൂടെ 500 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

**<u>സമഗ്ര സാക്ഷരത - ഇൻസ്ട്രക്ടർ/ പ്രേരക്മാർ</u>**

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ 100 പട്ടികവർഗ്ഗ പ്രേരക് മാരെ നിയമിക്കുകയും അവർക്ക് പ്രതിമാസം 12000/- രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**<u>കമ്മിറ്റഡ് സോഷ്യൽ വർക്കർ</u>**<br><br>എം.എ സോഷ്യോളജി, എം.എ ആന്ത്രപ്പോളജി, എം.എസ്.ഡബ്ല്യൂ എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 31 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.<br><br>**<u>പട്ടികവർഗ്ഗ പ്രൊമോട്ടർമാർ</u>**<br><br>പട്ടികവർഗ്ഗത്തിൽപ്പെട്ട 1182 പേരെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്.<br><br>**<u>മാനേജ്മെന്റ് ട്രെയിനി</u>**<br><br>140 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനിയായി നിയമിച്ചിട്ടുണ്ട്.<br><br>കുടുംബശ്രീ ആനിമേറ്റർമാർ<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കിയ സ്പെഷ്യൽ ട്രൈബൽ പ്രോജക്റ്റ് മുഖേന 200 പട്ടികവർഗ്ഗ ആനിമേറ്റർമാരെ നിയമിച്ചു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ പരിശീലന സ്ഥാപനങ്ങൾ വഴി തൊഴിൽ പരിശീലനം നൽകിയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| ബി) | ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) | തിരുവനന്തപുരം ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന നന്ദിയോട്, പെരിങ്ങമല, വിതുര, പാങ്ങോട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി പാലോട് ആസ്ഥാനമായി ഒരു ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് കരിയർ ഡെവലപ്മെന്റ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. കരിയർ ഡെവലപ്മെന്റ് സെന്റർ വഴി മികച്ച രീതിയിൽ മത്സരപരീക്ഷാ പരിശീലന പരിപാടികളും തൊഴിൽമാർഗ്ഗ നിർദ്ദേശങ്ങളും നൽകി പട്ടികവർഗ്ഗ വിഭാഗക്കാരെ മുഖ്യധാരയിൽ എത്തിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | ഈ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് അവർക്ക് അഭിരുചിയുള്ളതും താത്പര്യമുള്ളതുമായ മേഖലകളിൽ സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനാണ് സാമ്പത്തിക സഹായം അനുവദിച്ചു വരുന്നത്. സ്വയംതൊഴിൽ പദ്ധതിയ്ക്കായി ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസിലൂടെയും ഡയറക്ടറേറ്റിലും ലഭ്യമാക്കുന്ന പ്രൊപ്പോസൽ ഫീസിബിലിറ്റി പരിശോധിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്. |

Harispriya

**സെക്ഷൻ ഓഫീസർ**

## അനുബന്ധം.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം.

| ക്രമ.നം | പദ്ധതി | വർഷം | പരിശീലനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും പരിശീലനം | 2016-17 | 303 |
| 2 | സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി (CBPST) Plastic product design &Development plastic product Manufacturing &Quality control എന്നീ കോഴ്സുകൾക്ക് പരിശീലനം | 2016-17 | 50 |
| 3 | അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്ക് (ECIL) ഇലക്ട്രോണിക്സ് കോ-ഓപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന ഡി.സി.എ. കോഴ്സ് പരിശീലനം | 2016-17 | 50 |
| 4 | ഗോത്രജീവിക' എന്ന പദ്ധതി സി.എം.ഡി മുഖേന നിർമ്മണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി 51 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. | 2016-17 | 1170 |
| | എത്തിയോസ് (Atheos) ഹോട്ടൽ മാനേജ്മെന്റ് പരിശീലനം | 2017-18 | 125 |
| | സെന്റർ ഓഫ് എക്സലൻസ് (ഐ.റ്റി മേഖലയിൽ തൊഴിൽ ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിച്ചു.) | 2017-18 | 60 |

| | | | |
|---|---|---|---|
| 7 | **അപ്പാരൽ പാർക്ക്** ( പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും തൊഴിൽ ഉറപ്പു വരുത്തുന്നതിനായി അപ്പാരൽ പാർക്ക് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ ആരംഭിച്ചു. | 2017-18 | 291 |
| 8 | KASE ഉം പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന നൈപുണ്യ വികസന പരിപാടിക്കായി താഴെപറയുന്ന കോഴ്സുകൾക്ക് പരിശീലനം നൽകി വരുന്നു.<br>1. ഡിപ്ലോമ ഇൻ ആയുർവേദ-പഞ്ചകർമ്മ തെറാപ്പി.<br>2. ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്.<br>3. ഡിപ്ലോമ ഇൻ ഫാർമസി.<br>4. അഡ്വാൻസ് ഇൻ നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം.<br>5. BLS, IELTS നഴ്സിംഗ് കരിയർ അഡ്വാൻസ് പ്രോഗ്രാം, | 2017-18 | 159 |
| 9 | **ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസ് എന്ന സ്ഥാപനം** 2018-19 വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നൈപുണ്യ വികസനത്തിനുള്ള പരിശീലനത്തിനായി ആയുർവേദ പഞ്ചകർമ്മ തെറാപ്പി, ആയുർവേദ നഴ്സിംഗ്, ആയുർവേദ ഫാർമസി 3 കോഴ്സുകളിൽ 70 പേർക്ക് | 2018-19 | 70 |
| 10 | എത്തിയോസ് (Atheos)<br>ഹോട്ടൽ മാനേജ്മെന്റ് (ഹൗസ് കീപ്പിംഗ്), (ഫുഡ് ആന്റ് ബിവറേജ്) എന്നിവയ്ക്ക് പരിശീലനം നൽകുന്നതിന്. | 2018-19 | 130 |
| | **ആകെ** | | **2408** |

Harapriya
സെക്ഷൻ ഓഫീസർ